(സി) സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും കുട്ടികൾക്ക് രഹസ്യമായി പരാതികൾ ബോധിപ്പിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്കൂളുകൾതോറും സ്ഥാപിച്ചുവരുന്നു. കൂടാതെ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും ലഹരിവിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും വിതരണം നടത്തിയും സ്കൂളുകളിൽ സെമിനാറുകൾ, മാജിക് ഷോകൾ, ലഹരിക്കെതിരെയുള്ള ചിത്ര പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചും, പി.ടി.എ. എൻ.സി.സി. സ്കൗട്ട്, എൻ.എസ്.എസ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുവരുന്നു. ഇതുകൂടാതെ, സ്കൂൾ അദ്ധ്യാപകർക്കായി 'അതിജീവനം' എന്ന കൈപ്പുസ്തകവും കുട്ടികൾക്കായി 'ലഹരി നാശം വിതക്കുന്ന ലഹരി' എന്നീ പുസ്തകങ്ങളും ലഘു ലേഖകളും അച്ചടിച്ച് വിതരണം ചെയ്തും ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു.

സ്കൂൾ ആരോഗ്യപദ്ധതി പ്രകാരം സംസ്ഥാനത്ത് 1200-ഓളം നഴ്സുമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. 2014-15 അദ്ധ്യയന വർഷം സ്കൂൾ ഹെൽത്ത് പ്രോഗ്രാം വഴി സ്ക്രീൻ ചെയ്ത കുട്ടികളിൽ പാൻ, സിഗരറ്റ്, മദ്യം, മറ്റ് ലഹരി വസ്തുക്കൾ എന്നിവ ഉപയോഗിക്കുന്നവരെ കണ്ടെത്തി ഇവർക്ക് സ്കൂൾ ഹെൽത്ത് നഴ്സുമാർ മുഖേന സാമൂഹ്യനീതി വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിവരുന്നു. കൂടാതെ പ്രത്യേക പരിഗണന വേണ്ടവർക്ക് വിദഗ്ധ കൗൺസിലർമാരുടെ സേവനവും (സ്കൂൾ അധികൃതരുടെ അനുവാദത്തോടെ) ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യകേരളം പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന കൗമാര ക്ലിനിക്കുകൾ വഴി ഇത്തരത്തിൽ കണ്ടെത്തപ്പെടുന്ന കുട്ടികൾക്ക് വളരെ ഫലപ്രദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

മദ്യം സംഭരണശാലകളിൽ സൂക്ഷിക്കാൻ നടപടി

48(5633) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ സംഭരണശാലകളിൽ സൂക്ഷിക്കാതെ സംസ്ഥാനത്തെ പാതയോരങ്ങളിൽ ലോറിയിലും മറ്റ വാഹനങ്ങളിലുമായി മദ്യം സൂക്ഷിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഭരണശാലകളിൽ സൂക്ഷിക്കുന്നതിന് പകരം ഇത്തരത്തിൽ പാതയോരത്ത് അവ സൂക്ഷിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അപകട സാദ്ധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകളും അപകടസാദ്ധ്യതയും തടയുന്നതിന് അവ സംഭരണ ശാലകളിലേക്ക് അടിയന്തരമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ബി.സി.-യുടെ ചില സംഭരണശാലകളിലെ സ്ഥലപരിമിതിമൂലം അവിടെ വരുന്ന മദ്യം അതാതു ദിവസംതന്നെ ഇറക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. ഈ സമയത്ത് കോർപ്പറേഷന്റെ കോമ്പൗണ്ടിനുള്ളിൽ പാർക്കുചെയ്യാൻ സ്ഥലം പോരാതെ വന്നാൽ ബാക്കി വരുന്ന വണ്ടികൾ പാതയോരങ്ങളിൽ പാർക്ക് ചെയ്യാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്ഥല പരിമിതിയുള്ള ഗോഡൗണുകൾ നിരീക്ഷിച്ച് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ എത്രയും പെട്ടെന്ന് ലോറികളിലെയും മറ്റ് വാഹനങ്ങളിലെയും മദ്യം ഇറക്കിക്കൊടുക്കണമെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സ്ഥല പരിമിതിയുള്ള ഗോഡൗണുകളിൽ ഓർഡറുകൾ നൽകുന്നത് നിയന്ത്രിക്കുകയും നിർത്തി വയ്ക്കുകയും ചെയ്യാറുമുണ്ട്.

ബിയർ, വൈൻ എന്നിവയിലെ ആൽക്കഹോളിന്റെ അളവ്

49(5634) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ബിയർ, വൈൻ എന്നിവയിൽ ആൽക്കഹോളിന്റെ അളവ് പരിധിയിൽ കവിയുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ ബിയർ, വൈൻ എന്നിവയുടെ വീര്യം കണ്ടെത്തുന്നതിന് പരിശോധനകൾ കർശനമാക്കുമോ ;

(സി) പരിധിയിൽ കവിഞ്ഞ ലഹരി അടങ്ങിയ ബിയർ, വൈൻ എന്നിവ വിപണനം ചെയ്യുന്ന പാർലറുകൾക്കെതിരെ നടപടി ശക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ ബിയർ & വൈൻ പാർലർ തുടങ്ങിയ ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ നിരന്തരം പരിശോധന നടത്തുകയും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരിക്കുന്ന ബിയർ, വൈൻ എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധന നടത്തുകയും ചെയ്തു വരുന്നുണ്ട്.

(സി) അനുവദനീയമായ പരിധിയിൽ കവിഞ്ഞ് ആൾക്കഹോൾ അടങ്ങിയ ബിയർ, വൈൻ എന്നിവ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ബിയർ/ വൈൻ പാർലറുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.